2014 ലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്.

നം. സി1/2855/2014

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം - 695 004
ഫോൺ: 0471-2445749, 2445799
e-mail:dairydirector05@yahoo.co.in
dddtvm@gmail.com
തീയതി 02/02/2016.

3.3.16

## സർക്കുലർ നം. 4 /2016

വിഷയം :- ക്ഷീരവികസന വകുപ്പ് - പ്രാഥമിക ക്ഷീരസഹകരണ സംഘം - ജീവനക്കാരുടെ ശമ്പളപരിഷ്കരണം - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:- ബഹു. സർക്കാരിന്റെ 14/01/2014 ലെ സ.ഉ.(പി). നം. 02/2016/കൃഷി ഉത്തരവ്.

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും പരിഷ്കരിച്ചിട്ടുണ്ട്. ശമ്പള പരിഷ്കരണം നടപ്പിലാക്കുമ്പോൾ സംഘങ്ങൾ പാലിച്ചിരിക്കേണ്ട വസ്തുതകളെ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സൂചന ശമ്പള പരിഷ്കരണ ഉത്തരവിന് 01/01/2014 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. ജീവനക്കാർക്ക് 01/01/2014 മുതൽ 31/12/2014 വരെ ( 2 ദിവസവും ഉൾപ്പെടെ) ഉള്ള കാലയളവിൽ ഏതെങ്കിലും തീയതിയിൽ ഓപ്ഷൻ നൽകാവുന്നതാണ്.
2. 01/01/2014 ലെയോ ഓപ്ഷൻ തീയതിയിലെയോ അടിസ്ഥാന ശമ്പളത്തോടൊപ്പം അതിന്റെ 80% ക്ഷാമബത്ത ലയിപ്പിച്ച് കിട്ടുന്ന തുകയോട് കൂടി 6% ഫിറ്റ്മെന്റ് ബെനിഫിറ്റ് വർദ്ധനവ് വരുത്തി ലഭിക്കുന്ന തുക പുതിയ ശമ്പള സ്കെയിലിൽ ഒരു സ്റ്റേജ് ആണെങ്കിൽ അതും അല്ലെങ്കിൽ അടുത്ത സ്റ്റേജിൽ അടിസ്ഥാന ശമ്പളം നിർണ്ണയിക്കേണ്ടതാണ്.

3. 01/01/2014 വരെ അല്ലെങ്കിൽ ഓപ്ഷൻ തീയതിവരെ പഴയ ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിൽ ആണ് ക്ഷാമബത്ത നൽകേണ്ടത്. 80 % ലയിപ്പിച്ച ശേഷം ബാക്കിയുള്ള 49% ക്ഷാമബത്തയും 01/01/2014 വരെയുള്ള 10 % ക്ഷാമബത്തയും 01/07/2014 മുതലുള്ള 7% ക്ഷാമബത്തയും നൽകാവുന്നതാണ്. തുടർന്നുള്ള ക്ഷാമബത്ത രജിസ്ട്രാറുടെ ഉത്തരവിൻ പ്രകാരം സർക്കാർ ജീവനക്കാർക്ക് പ്രഖ്യാപിക്കുന്ന മുറയ്ക്ക് അതേ നിരക്കിൽ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും. ക്ഷീരസംഘം രജിസ്ട്രാറുടെ ഉത്തരവിന് ശേഷം സംഘത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വാർഷിക കച്ചവട ലാഭത്തിന്റെ 70 % ത്തിൽ അധികരിക്കാത്തവിധത്തിൽ ഭരണസമിതി ക്ഷാമബത്ത അനുവദിച്ച് നൽകണം.
4. ജീവനക്കാരുടെ സർവ്വീസ് ദൈർഘ്യം പരിഗണിച്ച് 5 വർഷത്തെ സേവനത്തിന് ഒന്നും, 10 വർഷത്തെ സേവനത്തിന് 2 ഉം , 20 വർഷത്തെ സേവനത്തിന് 3 ഉം എന്ന നിരക്കിൽ പരമാവധി മൂന്ന് ഇൻക്രിമെന്റുകൾ സർവീസ് വെയിറ്റേജായി അനുവദിക്കാവുന്നതാണ്.
5. ശമ്പളം നിർണ്ണയത്തിനുശേഷം പരിഷ്കരിച്ച ശമ്പള സ്കെയിലിന്റെ പരമാവധി തുക അടിസ്ഥാന ശമ്പളമായി വാങ്ങുന്ന ജീവനക്കാർക്ക് അവസാനം വാങ്ങിയ ഇൻക്രിമെന്റിന്റെ നിരക്കിൽ പ്രതിവർഷം ഒന്ന് എന്ന കണക്കിൽ പരമാവധി മൂന്ന് സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.
6. 01/01/2014 മുതൽക്കോ, ഓപ്ഷൻ തീയതി മുതൽക്കോ, ക്ഷീരസഹകരണ സംഘം ജീവനക്കാർക്ക് പരിഷ്കരിച്ച ശമ്പളത്തിന്റെ അടിസ്ഥാനത്തിലാണ് ക്ഷാമബത്ത കണക്കാക്കി നൽകേണ്ടത്. ക്ഷീരസഹകരണ സംഘം ജീവനക്കാർക്ക് രജിസ്ട്രാറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംഘത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് കൊണ്ട് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, വാർഷിക കച്ചവടലാഭത്തിന്റെ 70 % അധികരിക്കാത്ത വിധം ഭരണസമിതിയ്ക്ക് തുടർന്നുള്ള ക്ഷാമബത്ത അനുവദിച്ച് നൽകാവുന്നതാണ്.
7. വീട്ടുവാടക ബത്ത ആയി അടിസ്ഥാന ശമ്പളത്തിന്റെ 5 % മോ അല്ലെങ്കിൽ 500/- രൂപയോ ഏതാണോ കുറവ് അത് നൽകാവുന്നതാണ്.

8. ക്ഷീരസഹകരണ സംഘം രജിസ്ട്രാറുടെ കാലകാലങ്ങളിലുള്ള ഉത്തരവുകൾക്ക് വിധേയമായി പ്രാഥമിക ക്ഷീരസഹകരണ സംഘം ജീവനക്കാർക്ക് മെഡിക്കൽ അലവൻസ് അനുവദിക്കാവുന്നതാണ്.

9. കണ്ണടവാങ്ങുന്നതിനുള്ള അലവൻസായി പരമാവധി 1000/- രൂപ സർവീസിൽ ഒരിക്കൽ മാത്രം എന്ന വ്യവസ്ഥയിൽ ജീവനക്കാർക്ക് റീം - ഇംമ്പേഴ്സ്മെന്റായി നല്കാവുന്നതാണ്.

10. സംഘം ജീവനക്കാർക്ക് പ്രൊഡക്ഷൻ ആന്റ് പ്രൊക്യുർമെന്റ് എൻഹാൻസ്മെന്റ് അലവൻസ് അനുവദിക്കാവുന്നതാണ്.ശമ്പളം നിർണ്ണയിച്ച മാസമോ ഓപ്ഷൻ നൽകിയ മാസമോ അടിസ്ഥാനമാസമായി എടുത്ത് ആ മാസത്തെ പാൽ സംഭരണത്തെ അധികരിച്ച് കൂടുതൽ പാൽ സംഭരിക്കുന്നുവെങ്കിൽ അക്കാര്യം ഭരണസമിതി ചർച്ച ചെയ്യുകയും കൂടുതലായി സംഭരിക്കപ്പെടുന്ന ഓരോ ലിറ്റർ പാലിനും 1 രൂപ എന്ന നിരക്കിൽ തുക കണക്കാക്കി ടി തുക ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെ റേഷ്യോയ്ക്ക് അനുസൃതമായി പ്രൊഡക്ഷൻ ആന്റ് പ്രൊക്യൂർമെന്റ് എൻഹാൻസ്മെന്റ് അലവൻസായി നൽകേണ്ടതാണ്. ശമ്പളം നിർണ്ണയിച്ച മാസത്തെ പാൽ സംഭരണ ത്തേക്കാൾ സംഘത്തിന്റെ പാൽ സംഭരണം കുറവ് ആകുന്നതോടെ ജീവനക്കാർക്ക് ഈ അലവൻസ് നഷ്ടമാകുന്നതാണ്.

11. ശമ്പള പരിഷ്കരണ ഉത്തരവിലെ സ്റ്റാഫ് പാറ്റേൺ പ്രകാരം നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ ജീവനക്കാർ ഏതെങ്കിലും ക്ഷീരസംഘത്തിൽ നിലവിലുള്ള പക്ഷം അധികമായി ഉള്ള തസ്തികകൾ സൂപ്പർന്യൂമററിയായി കണക്കാക്കേണ്ടതും ഭാവിയിൽ ഉണ്ടാകേണ്ട ഒഴിവുകളിൽ ആയത് ക്രമപ്പെടുത്തേണ്ടതുമാണ്.

12. രജിസ്ട്രാറുടെ മുൻകൂർ അനുമതിയില്ലാതെ ദിവസക്കൂലി വ്യവസ്ഥയിലും താത്കാലിക വ്യവസ്ഥയിലും കരാർ വ്യവസ്ഥയിലും ഈ ഉത്തരവിൽ അനുവദിച്ചിട്ടില്ലാത്ത ക്ലാസ്സുകളിൽ ജീവനക്കാരെ നിയമിക്കാൻ പാടുള്ളതല്ല.

13. 01/01/2009 ലെ ശമ്പളപരിഷ്കരണം നടപ്പിലാക്കിയപ്പോൾ ക്ഷാമബത്ത കണക്കാക്കിയതിൽ ഉണ്ടായ അപാകതമൂലം അധികമായി വാങ്ങിയ ക്ഷാമബത്ത ക്രമീകരിക്കേണ്ടതാണ്. ആയതിനാൽ 31/12/2013 വരെ ക്ഷാമബത്ത

ഇനത്തിൽ അധികമായി വാങ്ങിയ തുക തിരിച്ച് പിടിക്കേണ്ടതില്ല. ടി തീയതിക്കു ശേഷം അധികമായി വാങ്ങിയിട്ടുണ്ടെങ്കിൽ അത് ശമ്പളപരിഷ്കരണ കുടിശ്ശികയിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.

14. ക്ഷീരസഹകരണ സംഘങ്ങളുടെ വാർഷിക എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ഓരോ വ്യാപാര ലാഭത്തിന്റെ 70% ൽ അധികരിക്കുവാൻ പാടുള്ളതല്ല. ഓരോ വർഷവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ഈ പരിധിക്കുള്ളിൽ നിർത്താനുള്ള ബാദ്ധ്യത ഭരണസമിതിയിൽ നിക്ഷിപ്തമായിരിക്കും. ഈ ഇനത്തിലുള്ള അധിക ചെലവുകൾക്ക് ഭരണസമിതി മാത്രമായിരിക്കും ഉത്തരവാദി.

15. സമയബന്ധിത ഹയർ ഗ്രേഡുകളുടെ ശമ്പള സ്കെയിലുകൾ നിശ്ചയിക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡം പാലിക്കേണ്ടതാണ്.

a. എ) ക്ഷീരസംഘത്തിലെ സബ് സ്റ്റാഫിന് പൂർത്തിയാക്കിയ 8,15,22 ,27 വർഷങ്ങളിലെ സേവനത്തിന് പരമാവധി നാല് ഹയർ ഗ്രേഡ് അനുവദിക്കാവുന്നതാണ്. സബ് സ്റ്റാഫിന് മുകളിലുള്ള തസ്തികകൾക്ക് 8,15,22 വർഷങ്ങളിലെ മൂന്ന് ഹയർ ഗ്രേഡുകൾ മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

b. ബി) സ്ഥിരം നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാർക്ക് നിലവിലെ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ ആണ് സമയബന്ധിത ഹയർഗ്രേഡ് പ്രമോഷനുള്ള സേവനകാലമായി പരിഗണിക്കേണ്ടത്. ജീവനക്കാർക്ക് അവർ വാങ്ങികൊണ്ടിരിക്കുന്ന ശമ്പള സ്കെയിലിന്റെ തൊട്ട് ഉയർന്ന ശമ്പള സ്കെയിൽ ഹയർ ഗ്രേഡ് അനുവദിച്ച് നൽകാവുന്നതാണ്. ശമ്പള പരിഷ്കരണം നടപ്പിലാക്കി മൂന്ന് മാസത്തിനുശേഷമേ ഹയർഗ്രേഡിന് അപേക്ഷിക്കുവാൻ പാടുള്ളൂ.

c. സി) സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുക്കേണ്ടതും രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതുമാണ്.

16. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതോ, സാമ്പത്തിക പ്രാപ്തി ഇല്ലാത്തതോ ആയ ക്ഷീരസംഘങ്ങളെ സംബന്ധിച്ച് ശമ്പള പരിഷ്കരണത്തിൽ

നിന്നും ഒഴിവാക്കുന്നതിന് ഭരണസമിതി തീരുമാനിച്ച് രജിസ്ട്രാറുടെ ഇളവ് നേടിയെടുക്കേണ്ടതുമാണ്.

17. 2008 ഡിസംബർ 15 ലെ 210/08/കൃഷി നം. ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം നടപ്പിലാക്കാത്ത സംഘങ്ങൾ ഈ ശമ്പള പരിഷ്കരണ ഉത്തരവ് തീയതി മുതൽ 3 മാസത്തിനുള്ളിൽ നിർബന്ധമായും നടപ്പിലാക്കേണ്ടതാണ്.

18. ക്ലാസ്സ് മാറ്റംമൂലം ഏതെങ്കിലും തസ്തികയുടെ ശമ്പള സ്കെയിലിൽ മാറ്റം വരുന്ന അവസരത്തിൽ അടിസ്ഥാന ശമ്പളം ഉയർന്ന സ്കെയിലിലുള്ള ഒരു സ്റ്റേജ് ആണെങ്കിൽ അടുത്ത സ്റ്റേജിൽ ശമ്പളം നിശ്ചയിക്കുകയും ആ തീയതി മുതൽ ഒരു വർഷം കഴിഞ്ഞ് മാത്രം അടുത്ത ഇൻക്രിമെന്റ് അനുവദിക്കുകയും ചെയ്യുക.

19. എല്ലാ ക്ഷീരസംഘങ്ങളും സാമ്പത്തിക വർഷം അവസാനിച്ച് മൂന്നു മാസങ്ങൾക്കുള്ളിൽ ക്ലാസ്സ് നിർണ്ണയം ഭരണസമിതി യഥാവിധി നടത്തേണ്ടതാണ്.

20. ക്ലാസ്സ് തരംതിരിക്കലിന്റെ അടിസ്ഥാനത്തിൽ ഏറ്റവും അവസാനം വരുന്ന ക്ലാസ്സിലെ സംഘം ജീവനക്കാർക്ക് വകുപ്പിലെ ജില്ലാ ഓഫീസർമാർ സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൺസോളിഡേറ്റ് തുക നിശ്ചയിച്ച് നൽകേണ്ടതാണ്.

21. ശമ്പളപരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ജീവനക്കാർക്ക് ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്ന ശമ്പളത്തിൽ കുറവ് വരികയാണെങ്കിൽ 1000/- രൂപ അധികം വരും വിധം ശമ്പളം പുനർനിർണ്ണയിച്ച് നൽകേണ്ടതാണ്.

22. 01.01.2014 ന് ശേഷം നിയമിതരായവർക്ക് സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ശമ്പളസ്കെയിലിനും മറ്റ് ആനുകൂല്യങ്ങൾക്കും ( ഡി.എ 49%) അർഹതയുണ്ടായിരിക്കുന്നതാണ്. ഇവർ ഓപ്ഷൻ നൽകേണ്ടതില്ലാത്തതുമാണ്.

23. 01.01.2014 നോ അതിനുശേഷമോ. നടന്നിട്ടുള്ള നിയമനങ്ങൾക്ക് അതാത് തസ്തികയുടെ പുതുക്കിയ ശമ്പള സ്കെയിൽ അനുവദിച്ച് നൽകേണ്ടതാണ്.

24. ശമ്പള പരിഷ്കരണ വ്യവസ്ഥകൾ സംബന്ധിച്ച് ഏതെങ്കിലും സംശയമോ അപാകതയോ ഉണ്ടെങ്കിൽ സംഘം സെക്രട്ടറിയോ, ഭരണസമിതിയോ ജില്ലകളിലെ ഡെപ്യൂട്ടി ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി മാർഗ്ഗനിർദ്ദേശങ്ങൾ വാങ്ങേണ്ടതാണ്.

25. സംഘങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ്/ സെക്രട്ടറി ശമ്പളപരിഷ്കരണത്തിന്റെ വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുണ്ടേതും, സർക്കാർ ഉത്തരവിന്റേയും ഡെയറി രജിസ്ട്രാറുടെ സർക്കുലറിന്റേയും നിർദ്ദേശങ്ങൾ അനുസരണമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

മേൽ പ്രകാരമുള്ള നിർദ്ദേശങ്ങളും വിശദീകരണങ്ങളും ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ സംഘങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും ശമ്പള നിർണ്ണയം ശരിയായ വിധത്തിൽ നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ക്ഷീരസഹകരണ സംഘത്തിന്റെ അപേക്ഷ പരിഗണിച്ച് ജീവനക്കാരുടെ ശമ്പള നിർണ്ണയത്തിന് അംഗീകാരം നൽകേണ്ടത് ജില്ലാ രജിസ്ട്രാർ ആണ്. ബ്ലോക്കുതല ഡെയറി എക്സ്റ്റൻഷൻ ഓഫീസർമാർ തങ്ങളുടെ അധികാര പരിധിയിൽപ്പെട്ട ക്ഷീരസംഘങ്ങളിൽ ശമ്പളനിർണ്ണയം നടത്തിയിട്ടുള്ളത് ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തെ തുടർന്ന് 3 മാസത്തിനുള്ളിൽ പരിശോധി ക്കേണ്ടതും അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ അവ പരിഹരിക്കുന്നതിന് സംഘങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. ഇപ്രകാരം നടത്തുന്ന പരിശോധനയുടെ പൂർത്തീകരണ റിപ്പോർട്ട് ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ ക്ഷീരവികസന ഓഫീസർമാരിൽ നിന്നും ശേഖരിച്ച് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

Sangeeta S

ഡയറക്ടർ/ രജിസ്ട്രാർ

## കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആക്ട് സെക്ഷൻ 80 പ്രകാരം ശമ്പളം നിർണ്ണയിക്കുന്നതിനുള്ള ഓപ്ഷൻ

### ഓപ്ഷൻ

സ.ഉ.(പി) നം. 2/2016/കൃഷി തീയതി 14/01/2016 ............................................................ തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ പുതിയ ശമ്പള സ്കെയിലിൽ ശമ്പളം നിർണ്ണയിക്കുന്നതിന് ഞാൻ ഓപ്റ്റ് ചെയ്യുന്നു.

ഒപ്പ്:
പേര്:
സ്ഥലം തസ്തിക
തീയതി (ക്ഷീരസംഘത്തിന്റെ പേരും വിലാസവും)

### സമ്മതപത്രം

14.01.2016 ലെ സ.ഉ.(പി) നം. 2/2016/കൃഷി നമ്പർ ഉത്തരവ് പ്രകാരം ലഭിക്കേണ്ടതിനാൽ അധികമായി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തെറ്റായ ശമ്പള നിർണ്ണയമൂലം ലഭിക്കുകയാണെങ്കിൽ അധികമായി ലഭിച്ച ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തിരിച്ചടയ്ക്കുവാൻ സമ്മതമാണെന്ന് അറിയിച്ചുകൊള്ളുന്നു.

ഒപ്പ്:
പേര്:
സ്ഥലം തസ്തിക
തീയതി (ക്ഷീരസംഘത്തിന്റെ പേരും വിലാസവും)